# കേരളസർവകലാശാല

നം.പി.ആർ.179/2022

## പത്രക്കുറിപ്പ്

### ഒന്നാംവർഷ ബിരുദ പ്രവേശനം മൂന്നാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. കോളേജ് പ്രവേശനം 25.08.2022 മുതൽ 30.08.2022 വരെ

കേരളസർവകലാശാല ഒന്നാം വർഷ ബിരുദ പ്രവേശനത്തിനായുള്ള മൂന്നാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. വിദ്യാർത്ഥികൾക്ക് പ്രൊഫൈലിൽ ലോഗിൻ ചെയ്ത് അലോട്ട്മെന്റ് പരിശോധിക്കാവുന്നതാണ്. പുതിയതായി അലോട്ട്മെന്റ് ലഭിച്ചവർക്ക് ഓൺലൈനായി ഫീസ് അടച്ച് അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്യാവുന്നതാണ്. നിലവിൽ ഏതെങ്കിലും കോളേജിൽ അഡ്മിഷൻ എടുത്ത് ഹയർ ഓപ്ഷൻ നിലനിർത്തിയിട്ടുള്ളവർ പുതിയ അലോട്ട്മെന്റ് ലഭിക്കുകയാണെങ്കിൽ പ്രൊഫൈലിൽ നിന്നും അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്യേണ്ടതാണ്. കോളേജിൽ പോയി അഡ്മിഷൻ എടുക്കേണ്ട തീയതിയും സമയവും അലോട്ട്മെന്റ് മെമ്മോയിൽ നൽകിയിട്ടുണ്ട്. അലോട്ട്മെന്റ് ലഭിച്ചവർ മെമ്മോയിൽ പറഞ്ഞിരിക്കുന്ന സമയത്ത് തന്നെ ആവശ്യമായ രേഖകളുടെ ഒറിജിനൽ സഹിതം കോളേജിൽ ഹാജരായി അഡ്മിഷൻ എടുക്കേണ്ടതാണ്. ഏതെങ്കിലും കാരണത്താൽ നിശ്ചിത തീയതിയിലോ സമയത്തോ അഡ്മിഷൻ എടുക്കാൻ സാധിക്കാത്തവർ അതതു കോളേജിലെ പ്രിൻസിപ്പാളുമായി ബന്ധപ്പെടേണ്ടതാണ്.

ഹയർ ഓപ്ഷൻ നിലനിർത്തിയതിനാൽ പുതിയ അലോട്ട്മെന്റ് ലഭിച്ചവർ പുതിയതായി അലോട്ട്മെന്റ് ലഭിച്ച കോളേജിൽ നിർബന്ധമായും അഡ്മിഷൻ എടുക്കേണ്ടതാണ്. അവർക്ക്, മുൻപ് എടുത്ത ഓപ്ഷനിൽ തുടരാൻ സാധിക്കുന്നതല്ല. ആഗസ്റ്റ് 30 ന് മുൻപ് പുതിയ അലോട്ട്മെന്റിൽ അഡ്മിഷൻ നേടിയില്ലെങ്കിൽ അലോട്ട്മെന്റ് ക്യാൻസൽ ആകുന്നതാണ്.

താൽക്കാലിക അഡ്മിഷൻ (**Temporary Admission**) സൗകര്യം മൂന്നാം ഘട്ട അലോട്ട്മെന്റ് മുതൽ ലഭ്യമല്ല. പുതിയതായി അലോട്ട്മെന്റ് ലഭിക്കുന്നവർ കോളേജിലെ നിശ്ചിത ഫീസ് അടച്ച് നിർബന്ധമായും **Permanent Admission** എടുക്കേണ്ടതാണ്. ഈ ഘട്ടത്തിൽ എല്ലാ സർട്ടിഫിക്കറ്റുകളുടേയും അസ്സൽ കോളേജിൽ സമർപ്പിക്കേണ്ടതാണ്. രണ്ടാം ഘട്ട അലോട്ട്മെന്റിൽ താൽക്കാലിക (**Temporary**) അഡ്മിഷൻ എടുത്തവർ മൂന്നാം ഘട്ട അലോട്ട്മെന്റിൽ മാറ്റം വന്നിട്ടില്ലെങ്കിൽ പോലും കോളേജിൽ നേരിട്ട് ഹാജരായി നിശ്ചിത ഫീസ് അടച്ച് നിർബന്ധമായും **Permanent** അഡ്മിഷൻ എടുക്കേണ്ടതാണ്. ഇപ്രകാരം **Temporary** അഡ്മിഷൻ എടുത്തവർക്ക് **Permanent** അഡ്മിഷനിലേക്ക് മാറുന്നതിനുള്ള അവസാന തീയതി ആഗസ്റ്റ് 30 ആണ്. അതിനുള്ളിൽ **Permanent** അഡ്മിഷൻ എടുക്കാത്തവരുടെ അഡ്മിഷൻ ക്യാൻസൽ ആകുന്നതാണ്. വിശദ വിവരങ്ങൾക്ക് അഡ്മിഷൻ വെബ്സൈറ്റ് സന്ദർശിക്കുക.

### പ്രാക്ടിക്കൽ/ വൈവ

കേരളസർവകലാശാല എം.എ.എച്ച്.ആർ.എം നാലാം സെമസ്റ്റർ റെഗുലർ (ജൂൺ 2022) പരീക്ഷയുടെ വൈവ സെപ്റ്റംബർ 1 ന് നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2022 ജൂണിൽ നടത്തിയ ഒന്നാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് ബി.എസ് .സി ഇലക്ട്രോണിക്സ് (340) ഡിഗ്രി കോഴ്സിന്റെ പ്രായോഗിക പരീക്ഷകൾ 2022 ആഗസ്റ്റ് 30, 31 തീയതികളിൽ അതാത് കോളജുകളിൽ വച്ച് നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

കേരളസർവകലാശാല 2022 ജൂണിൽ നടത്തിയ ഒന്നാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് ബി.സി.എ (332) ഡിഗ്രി കോഴ്സിന്റെ പ്രായോഗിക പരീക്ഷകൾ 2022 ആഗസ്റ്റ് 26, 29, 30, 31 തീയതികളിൽ അതാത് കോളജുകളിൽ വച്ച് നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

## പരീക്ഷാഫലം

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസ കേന്ദ്രം 2022 മാർച്ച് മാസം നടത്തിയ ഒന്നാം സെമസ്റ്റർ എം.ബി.എ (2020 അഡ്മിഷൻ & സപ്ലിമെന്ററി – 2019, 2018 അഡ്മിഷൻ) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു വിശദവിവരം വെബ്സൈറ്റിൽ.

കേരളസർവകലാശാല ഒന്നാം സെമസ്റ്റർ എം.സി.എ ഡിഗ്രി (സപ്ലിമെന്ററി & മേഴ്സി ചാൻസ് 2011 സ്കീം) ഡിസംബർ 2021 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിശദവിവരം വെബ്സൈറ്റിൽ ലഭ്യമാണ്.

## വിദൂരവിദ്യാഭ്യാസ വിഭാഗം പി.ജി ക്ലാസുകൾ ഓൺലൈനായി

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം നാലാം സെമസ്റ്റർ 2020 അഡ്മിഷൻ പി.ജി ക്ലാസുകൾ ആഗസ്റ്റ് 27 മുതൽ ഓൺലൈനായി ആരംഭിക്കും. വിവരങ്ങൾക്ക് www.ideku.net സന്ദർശിക്കുക.

തിരുവനന്തപുരം,
24.08.2022.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ–ചാർജ്)

**E-mail:** For queries **helpdesk@keralauniversity.ac.in, examhelpdesk1@keralauniversity, examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**